# സാധുവിന്റെ പ്രാർത്ഥന കേൾക്കുന്ന ദൈവം

## സങ്കീർത്തനം 10:18

"യഹോവേ നീ സാധുക്കളുടെ അപേക്ഷ കേട്ടിരിക്കുന്നു; അവരുടെ ഹൃദയത്തെ നീ ഉറപ്പിക്കുകയും നിന്റെ ചെവി ചായിച്ചു കേൾക്കുകയും ചെയ്യുന്നു."

ഈ സങ്കീർത്തനം തുടങ്ങുമ്പോൾ, "യഹോവേ, നീ ദൂരത്തു നിൽക്കുന്നതെന്തു? കഷ്ടകാലത്തു നീ മറഞ്ഞുകളയുന്നതുമെന്തു?" എന്ന് സങ്കീർത്തകൻ പറയുന്ന ഈ വാക്യം മേൽകണ്ട അവസാന വാക്യവുമായ് ചേർത്തു വായിക്കുമ്പോൾ വളരെ അർത്ഥവത്താകുന്ന ഒന്നാണ്. ജീവിതത്തിൽ തകർച്ചകളെ നേരിട്ട്, മനം തകർന്നിരിക്കുന്ന സാധുവായ ഒരുവന്റെ ജീവിതത്തിൽ ആശ്രയം മറ്റാരുമല്ല അത് സർവ്വശക്തനായ യഹോവ തന്നെ എന്ന് സങ്കീർത്തകൻ ഉറപ്പിച്ചു പ്രബോധിപ്പിക്കുകയാണിവിടെ.

മലയാളത്തിൽ 'സാധു' എന്നു ഇവിടെ പരിഭാഷപ്പെടുത്തിയിരിക്കുന്ന വാക്ക് മറ്റു ചില ഭാഷാന്തരങ്ങൾ നോക്കുകയാണെങ്കിൽ തുണയറ്റവൻ, ഞെരുങ്ങുന്നവൻ, ഉപദ്രവിക്കപ്പെടുന്നവൻ, താഴ്ചയിലിരിക്കുന്നവൻ എന്നെല്ലാം എഴുതിയിരിക്കുന്നതായി നമുക്ക് കാണാൻ കഴിയും. കരുത്തരും, സമ്പന്നരും, അധികാരമുള്ളവരുമെല്ലാം അതിജീവനം നടത്തുമ്പോൾ സാധുക്കൾ പൊതുവെ തളർന്നും, തകർന്നും പോകാറുണ്ട്. തങ്ങളുടെ ചുറ്റും ഒരാശ്രയവുമില്ലാതെ ജീവിതത്തിൽ ഇനിയെന്ത് എന്ന് ചിന്തിച്ച് കഴിയുകയേ മാർഗ്ഗമുള്ളൂ എന്നു പോലും ഒരുപക്ഷെ അവർ നിരൂപിച്ചേക്കാം. എന്നാൽ ദൈവം അവരുടെ അപേക്ഷ കേൾക്കുന്നു എന്ന് അനുഭവത്തിൽ നിന്ന് ദൈവഭക്തൻ ഇവിടെ പറഞ്ഞിരിക്കുന്നു. ആരും തുണയില്ലാത്തവർക്ക് ദൈവം തുണയായി വരുമെന്ന് ഉറപ്പിച്ചു പറഞ്ഞിരിക്കുന്നു. ആരും ചോദ്യം ചെയ്യില്ലെന്നോർത്ത് അഹങ്കരിക്കുന്നവരെ ന്യായം വിധിക്കാൻ ദൈവം ഉണ്ട്. തങ്ങൾക്ക് ന്യായം ലഭിക്കുന്നില്ലെന്നോർത്ത് കരയുന്ന എളിയവർക്കായ് ന്യായപാലനം നടത്തുന്നവനുമാണ് ദൈവം.

നാം ആയിരിക്കുന്ന ഈ ലോകത്തിൽ പലപ്പോഴും നാം ആശ്രയിക്കുന്ന സ്ഥാപനങ്ങൾ അല്ലെങ്കിൽ വ്യക്തികൾ നമ്മുടെ അപേക്ഷകൾ തള്ളിക്കളയുമ്പോൾ ദൈവം നമ്മുടെ അപേക്ഷ സ്വീകരിക്കുന്നവനാണെന്ന് വചനം നമ്മെ പറഞ്ഞുറപ്പിക്കുന്നു. ഈ ദൈവം അപേക്ഷകളെ ഉപേക്ഷിക്കാത്തവനാണ്. തിരിച്ചടികളുടെ മുന്നിൽ നമ്മുടെ മനോവീര്യം തകർന്നു പോകരുത്. ദൈവം എനിക്കായ് യുദ്ധം ചെയ്യും എന്ന ധൈര്യം നമുക്കുണ്ടാവണം. തന്റെ സന്നിധിയിൽ നമ്മുടെ സങ്കടം ബോധിപ്പിച്ചു കരയാൻ കഴിയണം.

തന്റെ അടുക്കൽ അഭയത്തിനായ് അണയുന്ന ആരെയും അവിടുന്ന് തള്ളിക്കളയുന്നില്ല. ലോകത്തിലെ ആരേയും ഭയപ്പെടേണ്ടതില്ലായ്ക കൊണ്ട് ദൈവം ന്യായമായ പ്രവൃത്തി ചെയ്യാൻ മടിക്കുന്നില്ല. ആരും പിന്തുണക്കാനില്ലെങ്കിലും നമ്മുടെ പ്രാർത്ഥനകൾ ദൈവസന്നിധിയിൽ എത്തിയാൽ നിശ്ചയമായും ദൈവം അവ കൈക്കൊണ്ട് തന്റെ പ്രവൃത്തി അയയ്ക്കും. ആകയാൽ ധൈര്യത്തോടെ തന്റെ കൃപാസനത്തോട് അടുത്ത് ചെന്ന് നമ്മുടെ സങ്കടങ്ങൾ ദൈവത്തോട് അറിയിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം:**

എബ്രായർ 4:16

അതുകൊണ്ടു കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിന്നുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന്നു അടുത്തു ചെല്ലുക.

**ബ്രദർ. ബിനു ബേബി ആലപ്പുഴ 145**